WEDNESDAY 08.05.2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/05/2024

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. വില – 1 രൂപ ഒരു കൂർക്ക തലക്ക് എന്ന നിരക്കിൽ ലഭ്യമാണ്. വില്പന സമയം രാവിലെ 9 മണി മുതൽ 41 വരെ. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കായംകുളം വെറ്ററിനറി പോളി ക്ലിനിക്കിൽ നാളെ (9/05/24)രാവിലെ 10 മണിക്ക് ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്ന് എടുത്ത രണ്ടു മാസം പ്രായമുള്ള അതുദ്പാദന ശേഷിയുള്ള കോഴികുഞ്ഞുങ്ങളെ വിതരണം ചെയുന്നു. താത്പര്യം ഉള്ള കർഷകർ മൃഗാസ്പത്രിയിൽ നേരിട്ടോ അല്ലെങ്കിൽ 9567376377 എന്ന ഫോൺ നമ്പരിൽ മൃഗാശുപത്രിയിൽ പ്രവർത്തി സമയത്തു വിളിച്ച് ബുക്ക് ചെയ്യാവുന്നതാണ്. ഒരു കോഴികുഞ്ഞിന്റെ വില 130 രൂപ ആണ്.

3. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കർഷകർക്ക് സബ്സിഡി നൽകുന്നു. പായ്ക്ക്ഹൗസ്, സംയോജിത, ഇന്റഗ്രേറ്റഡ് പായ്ക്ക് ഹൗസ്, പ്രീ കൂളിംഗ് യൂണിറ്റ്, കോൾഡ് റൂം (സ്റ്റേജിംഗ്), മൊബൈൽ പ്രീകൂളിംഗ് യൂണിറ്റ്, കോൾഡ്സ്റ്റോറേജ് (ടൈപ്പ് 1, ടൈപ്പ് 2), റീഫർ വാൻ, ഗുണമേന്മ പരിശോധന ലാബ് ( ക്വാളിറ്റി കൺട്രോൾ/അനാലിസിസ് ലാബ്), കൂൺ ഉത്പാദന യൂണിറ്റ് എന്നിവക്കാണ് സബ്സിഡി. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 100 ശതമാനവും സ്വകാര്യ മേഖല സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും 35 മുതൽ 40 ശതമാനവും സബ്സിഡി ലഭിക്കും, അപേക്ഷിക്കേണ്ട അവസാന തീയതി മേയ് 10. കുടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 2330856, 2330857 ഇമെയിൽ mdshmkerala@yahoo.co.in, വെബ്സൈറ്റ് www.shm.kerala.gov.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

4. കേരള കാർഷിക സർവകലാശാല വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള മണ്ണുത്തി സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് **"വിള സുസ്ഥിരതയ്ക്കുള്ള ജൈവ ഇടപെടലുകൾ"** എന്ന വിഷയത്തിൽ 3 മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിച്ചു വരുന്നു. ഈ കോഴ്സിന്റെ രണ്ടാമത്തെ ബാച്ചിലേക്കായി പ്ലസ്ടു /തത്തുല്യ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 100 രൂപയും രജിസ്ട്രേഷൻ സ്വീകരിക്കുന്ന പക്ഷം കോഴ്സ് ഫീസ് 4000 രൂപയും അടക്കേണ്ടതാണ്. (മേൽ തുകകൾ തിരികെ നൽകുന്നതല്ല.) ജൈവ കൃഷിയുടെ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളിച്ച് നടത്തുന്ന ഈ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഇ-സർട്ടിഫിക്കറ്റ് നല്കുന്നതാണ്. ജൈവ ഫാമുകളിലെ ജോലിക്കും സംരംഭങ്ങൾക്കും ഈ കോഴ്സ് വഴിയൊരുക്കും.കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487-2371104

**പരിശീലന പരിപാടി**

5. കാർഷിക സർവ്വകലാശാല, വാഴ ഗവേഷണ കേന്ദ്രം, കണ്ണാറ സംഘടിപ്പിക്കുന്ന ചക്കയുടെ ജൈവ വൈവിധ്യത്തെ കുറിച്ചുള്ള പ്രദർശനവും സെമിനാറും ഇന്ന് (ബുധനാഴ്ച) മണ്ണുത്തി കുമ്യൂണിക്കേഷൻ സെന്ററിൽ നടക്കും. ചക്കയുടെ ഇനങ്ങളും ജൈവവൈവിധ്യവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും കർഷകരിലേക്ക് എത്തിക്കുന്നതിനായി ഇന്നും നാളെയുമായി (മെയ് 8, 9) മണ്ണുത്തിയിലെ കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള ആഗ്രികൾച്ചർ ടെക്നോളജി ഇൻഫോർമേഷൻ സെന്റർ (ആറ്റിക്) ൽ വച്ച് പ്രദർശനം സംഘടിപ്പിക്കുന്നു. രാവിലെ 10.30 ന് സർവകലാശാല വിജ്ഞാന വ്യാപന വിഭാഗം മേധാവി ഉദ്ഘാടനം നിർവ്വഹിക്കുന്നു. കാർഷിക സർവ്വകലാശാല ആഗ്രികൾച്ചർ ടെക്നോളജി ഇൻഫോർമേഷൻ സെന്റർ, കമ്മ്യൂണിക്കേഷൻ സെൻറർ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. റബ്ബർ കൃഷിചെയ്യുന്നതിന് പ്രാദേശികമായി യോജിച്ച റബ്ബറിനങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. കർഷകരുടെ ചോദ്യങ്ങൾക്ക് ഇന്നു രാവിലെ (2024 മെയ് 08) പത്തുമണി മുതൽ ഉച്ചയ്ക്ക് ഒരുമണിവരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഫോണിലൂടെ മറുപടി പറയും. കോൾ സെന്റർ നമ്പർ 0481 2576622 .

7. റബ്ബർബോർഡിന്റെ കീഴിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഇന്ന് (2024 മെയ് 08 ബുധനാഴ്ച) റബ്ബർനടീലിൽ ഏകദിനപരിശീലനം നടത്തുന്നു. റബ്ബർനടീൽ, പരിപാലനം, ഇടവിളക്കൃഷി, കളയെടുപ്പ് എന്നിവ ഉൾപെടുന്നതാണ് പരിശീലനപരിപാടി. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ മെയിലിലോ ബന്ധപ്പെടേണ്ടതാണ്.

8. **വിള പരിപാലനം** - മാങ്കോസ്റ്റിൻ നടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. വേനൽക്കാലത്ത് നന ആവശ്യമുള്ള വിളയാണ് മാങ്കോസ്റ്റീൻ. ഭാഗികമായി തണൽ ലഭ്യമാകുന്ന തെങ്ങിൻതോട്ടമാണ് അഭികാമ്യം. മൂന്നു മുതൽ നാലുവർഷം വരെ പ്രായമായ രണ്ടു മുതൽ മൂന്നു തണ്ടുകൾ വളർച്ചയും ഉള്ള മാങ്കോസ്റ്റിൻ തൈകൾ നടുന്നതാണ് ഉചിതം. മണ്ണിലേക്ക് വേര് പൊട്ടി ഇറങ്ങാൻ സമയമെടുക്കുന്ന വിളയായതിനാൽ നല്ല ഇളക്കമുള്ള മണ്ണിൽ വേണം മാങ്കോസ്റ്റിൻ നടാൻ 21/2 അടി നീളവും, വീതിയും, ആഴവും ഉള്ള കുഴികൾ എടുത്ത അതിന്റെ മുക്കാൻ ഭാഗം മേൽമണ്ണും ചാണകപ്പൊടിയും നിറച്ചാണ് തൈകൾ നടേണ്ടത്. ബലമുള്ള ഒരു കമ്പുനാട്ടി താങ്ങ് കൊടുക്കുകയും വേണം. ജൈവവളമാണ് മാങ്കോസ്റ്റിന് നല്ലത് ചാണകം, കോഴിവളം, മണ്ണിര കമ്പോസ്റ്റ് തുടങ്ങിയ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ജൈവവളങ്ങൾക്ക് മുൻതൂക്കം നൽകണം.പൂവിടുന്ന സമയത്ത് പൊട്ടാഷ് വളം നൽകുന്നത് കൂടുതൽ വിളവ് ലഭിക്കാൻ സഹായിക്കും.

9. **വാഴ- വേനൽക്കാല പരിചരണം** -വേനൽക്കാലത്ത് വാഴത്തടങ്ങളിൽ ചാണകം, കമ്പോസ്റ്റ്, കരിയില എന്നിവ പരമാവധി നിക്ഷേപിച്ച് ജലാഗിരണശേഷി വർദ്ധിപ്പിക്കണം. കരിയില, ഓല, മറ്റുജൈവാവശിഷ്ടങ്ങൾ എന്നിവകൊണ്ട് തടത്തിൽ പുതയിടണം. ജലലഭ്യതയനുസരിച്ച് മൂന്നു ദിവസത്തിലൊരിക്കൽ ജലസേചനം നടത്തുകയാവാം. കണിക ജലസേചനരീതി (12 ലിറ്റർ / ഒരു ദിവസം/ വാഴയൊന്നിന്) അവലംബിക്കുക. വരൾച്ച പ്രതിരോധിക്കാൻ വാഴയിലകളിൽ സൾഫേറ്റ് ഓഫ് പൊട്ടാഷ് (5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) രണ്ടാഴ്ച ഇടവേളകളിൽ തളിച്ചു കൊടുക്കാവുന്നതാണ്. വേനൽക്കാലത്ത് വാഴയിലയിൽ ഇലപ്പേനിന്റെയും മണ്ഡരിയുടെയും ആക്രമണത്തിന് സാധ്യതയുണ്ട്. ഇതിന്റെ നിയന്ത്രണത്തിനായി ഇലയുടെ അടിവശത്ത് വീഴത്തക്കരീതിയിൽ ഹോർട്ടികൾച്ചറൽ മിനറൽ ഓയിൽ 25 മില്ലി മീറ്റർ ഒരു ലീറ്റർ വെള്ളത്തിൽ കലക്കിത്തളിക്കാം. വെജിറ്റബിൾ സൾഫർ രണ്ട് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കിത്തളിക്കുന്നതും മണ്ഡാരിക്കെതിരെ ഫലപ്രദമാണ്. സാലിസിലിക് ആസിഡ് 140 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി 250 മില്ലി ലിറ്റർ ഒരു ചെടിക്ക് എന്ന തോതിൽ ചെടിയിൽ തളിക്കുന്നത് വരൾച്ചയെ അതിജീവിക്കുന്നതിന് സഹായിക്കുന്നു.